I/173919/2024

**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : M.G. RAJAMANICKAM IAS)**

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -ജീവനകാര്യം-മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ക്ലർക്ക് ശ്രീമതി സൌമ്യ ജി.-യുടെ സീനിയോരിറ്റി പുന:ക്രമീകരിച്ച ഉത്തരവാകുന്നത്-സംബന്ധിച്ച്

പരാമർശം:

1) കേരള പബ്ലിക്ക് സർവ്വീസ് കമ്മിഷൻ കോട്ടയം ജില്ലാ ഓഫീസറുടെ 05/04/2014-ലെ KII(1)930/11-09 നിയമന ശുപാർശ.
2) നഗരകാര്യ ഡയറക്ടറുടെ 01.03.2016-ലെ ഇ7-5170/2016 നമ്പർ ഉത്തരവ്.
3) നഗരകാര്യ ഡയറക്ടറുടെ 27.11.2017-ലെ ഇ7-30543/2017 നമ്പർ ഉത്തരവ്.
4) ശ്രീമതി സൌമ്യ ജി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2038/20 നമ്പർ കേസിലെ 11.01.2023 തീയതിയിലെ ഉത്തരവ്.
5) 04.07.2023ലെ സ.ഉ.(സാധാ)നം.1370/2023/LSGD നമ്പർ ഉത്തരവ്.
6) തദ്ദേശ സ്വയം ഭരണ വകുപ്പ് (അർബൻ) ഡയറക്ടറുടെ 23/06/2022 ലെ DUA/4400/2022-E7 ഉത്തരവ്.

–

**ഉത്തരവ് നമ്പർ LSGD/PD/60252/2023-GEA3 തീയതി: 10-01-2024**

കേരള പബ്ലിക്ക് സർവ്വീസ് കമ്മിഷൻറെ പരാമർശം (1) നിയമന ശുപാർശ പ്രകാരം 15/05/2014-ന് കോട്ടയം നഗരസഭയിൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി സൌമ്യ ജി. മുൻസിപ്പൽ കോമൺ സർവ്വീസിൽ നിന്നും പരാമർശം (2) പ്രകാരം 02.03.2016 വിടുതൽ ചെയ്ത് വനം വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചിരുന്നു. തുടർന്ന് മാതൃവകുപ്പിൽ ക്ലർക്ക് തസ്തികയിൽ പുനർനിയമനം നൽകണമെന്ന ടിയാളുടെ അപേക്ഷയിന്മേൽ കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 8 - ലെ വ്യവസ്ഥകൾ പ്രകാരം മുനിസിപ്പൽ കോമൺ സർവീസിൽ ക്ലാർക്ക് തസ്തികയിൽ പുനർനിയമനം നൽകിക്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. 20.12.2017 ൽ ടിയാൾ മാതൃവകുപ്പിൽ കോട്ടയം നഗരസഭയിൽ തിരികെ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീമതി സൗമ്യ ജി. മുൻസിപ്പൽ കോമൺ സർവ്വീസിൽ നിന്ന് വിടുതൽ ചെയ്ത സമയത്ത് പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ടിയാരി മാതൃവകുപ്പിൽ തിരികെ പ്രവേശിച്ച 20.12.2017 തീയതി മുതൽ നിരീക്ഷണകാലം ആരംഭിക്കുകയും 20.12.2019 തീയതിയിൽ പ്രൊബേഷൻ പൂർത്തീകരിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

എന്നാൽ മാതൃവകുപ്പിലെ 15.05.2014 മുതലുള്ള സേവനകാലം പരിഗണിച്ച് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും ആയത് പ്രകാരം സീനിയർ ക്ലർക്ക് തസ്തികയിലേക്ക് ഉദ്യോഗകയറ്റം ലഭിക്കുന്നതിനുമായി ശ്രീമതി സൌമ്യ ജി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA.2038/2020 നമ്പർ കേസിലെ 11.01.2023 ലെ ഉത്തരവ് പ്രകാരം 20.12.2019 പ്രാബല്യത്തിൽ അപേക്ഷകയുടെ പ്രൊബേഷൻ പ്രഖ്യാപിച്ച അനക്ഷർ A4, അനക്ഷർ A5 എന്നിവയിൽ യാതൊരു ഇടപെടലും ആവശ്യമില്ലെന്നും എന്നാൽ സീനിയോറിറ്റിയ്ക്ക് വേണ്ടിയുള്ള അപേക്ഷകയുടെ അനക്ഷർ A7 നിവേദനം ഉത്തരവ് ലഭിച്ച് 3 മാസത്തിനകം സർക്കാർ പരിഗണിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ ശ്രീമതി സൗമ്യ ജി.-യുടെ സീനിയോറിറ്റി പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നിർദേശിച്ചിരുന്നു.

ശ്രീമതി സൗമ്യ ജി. മുനിസിപ്പൽ കോമൺ സർവീസിൽ നിന്നും വിടുതൽ ചെയ്യുന്ന സമയത്തു 01.12.2017 പ്രാബല്യ തീയതിയിലുള്ള ക്ലർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റാണ് നിലവിലുണ്ടായിരുന്നത്. പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ ടിയാരി ഉൾപ്പെട്ടിട്ടില്ല. നിലവിൽ പരാമർശം (6) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 31.05.2022 തിയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി സൗമ്യ ജി-യുടെ പേര് ക്രമ നം.609-ആയി ഉൾപ്പെട്ടിട്ടുണ്ട്. കെ.എസ്.&എസ്.എസ്. ആർ. ഭാഗം II ചട്ടം 8- ന്റെ കുറിപ്പ് (3) പ്രകാരം മാതൃവകുപ്പിൽ നിന്നും വിടുതൽ ചെയ്ത അഞ്ചു വർഷത്തിനകമാണ് പുനർനിയമനമെങ്കിൽ ചട്ടം 8(a) വ്യവസ്ഥചെയ്യുന്ന പ്രകാരമുള്ള സീനിയോറിറ്റി സംരക്ഷണം ലഭിക്കുന്നതിന് അർഹതയുണ്ട്. ശ്രീമതി സൗമ്യ ജി. 02.03.2016-ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിടുതൽ ചെയ്ത വനം വകുപ്പിലെ സേവനത്തിൽ പ്രവേശിച്ചെങ്കിലും 20.12.2017-ൽ മാതൃവകുപ്പിൽ തിരികെ വന്നിട്ടുള്ളതാണ്. ആയതിൻറെ അടിസ്ഥാനത്തിൽ നിയമന ശുപാർശ തീയതിയായ 05.04.2014 കണക്കിലെടുത്ത് ക്ലർക്കുമാരുടെ 31.05.2022 വരെയുള്ള പരാമർശം (6) സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി സൌമ്യ ജി.-യെ ക്രമ നമ്പർ 257 ശ്രീ.രാജു.ഇ.എം, ക്രമ നമ്പർ. 258 ശ്രീ.ഷാജി. കെ എന്നിവർക്ക് മദ്ധ്യേ **257 A ആയി** സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയും സീനിയോറിറ്റി പട്ടികയിൽ ടിയാൾ നിലവിൽ ഉൾപ്പെട്ടിട്ടുള്ള ക്രമ നമ്പർ.609 ലെ രേഖപ്പെടുത്തൽ ഒഴിവാക്കിയും സീനിയോറിറ്റി പട്ടിക പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

M.G. RAJAMANICKAM IAS
PRINCIPAL DIRECTOR

പകർപ്പ്:

1. എല്ലാ ജില്ല ജോയിന്റ് ഡയറക്ടർമാർക്കും
2. വ്യക്തിക്ക്(കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
3. സിസ്റ്റം മാനേജർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

I/173919/2024

Signed by
M.g. rajamanickam Ias
Date: 10-01-2024 20:33:37